ഉത്തരം.

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഉയർന്ന ഗ്രേഡുകളിലെ പ്രമോഷൻ.

൫൩. ൭. [൨൪] • ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

കൊച്ചിവിജിലൻസിൽപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ൨൫൦ രൂപയ്ക്കു മേൽ ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാർക്കാണ് ൧൯൫൨ ഏപ്രിലിനു ശേഷം ഉയർന്ന ഗ്രേഡുകളിലേക്ക് പ്രമോഷൻ നൽകിയിട്ടുള്ളത്. അവർ ആരെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം.

വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്*

ലിഫ്റ്റ് ഇറിഗേഷൻ സ്കീം.

൫൩൫. [൨൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചെങ്ങമനാട്, കരുമാലൂർദേശം എന്നീ പറവൂർതാലൂക്കിലെ കർഷകപ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഏതു വർഷത്തിൽ ആരംഭിച്ചു;

(ബി) എത്ര ഏക്കർ സ്ഥലത്താണ് തുടങ്ങിയത്;

(സി) ഇന്നു എത്ര ഏക്കർ സ്ഥലത്തു ഇറിഗേഷൻ നടക്കുന്നു;

(ഡി) ഏക്കറിന് എന്തു തുകയാണ് സ്കീം തുടങ്ങിയ കാലത്തു വെള്ളക്കരമായി വാങ്ങിയിരുന്നത്; ഇനി കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഈ) പ്രൈവറ്റ് ഉടമകൾ വെള്ളക്കരം ഈടാക്കുന്നോ; എത്ര?

ഉത്തരം.

(എ) ൧൯൫൨.

(ബി) ൨൫൦ ഏക്കർ.

(സി) ൨൩൦ ഏക്കർ.

(ഡി) സ്കീം തുടങ്ങിയ കാലത്തു ൫ രൂപയാണ് വാങ്ങിയിരുന്നതു്. ഇപ്പോൾ അതു് ൬ രൂപയാക്കിയിട്ടുണ്ട്. കരം കൂട്ടണമോ എന്നുള്ളതു് ആലോചനയിലിരിക്കുന്നു.

(ഈ) ഉണ്ട്. ഏതു നിരക്കിലാണെന്നു് ഗവൺമെന്റിനു് അറിവില്ല.

*See Appendix IX.

LIBRARY ARCHIVES Kerala Legislative Assembly